# പതിനഞ്ചാം കേരള നിയമസഭ

## നാലാം സമ്മേളനം

# ബുള്ളറ്റിൻ ഭാഗം—2

2022 ഫെബ്രുവരി 22

**നമ്പർ 193**

2022 ഫെബ്രുവരി 22-ന് സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനം 2022 മാർച്ച് 18-ന് അവസാനിക്കുന്നതാണ്.

2022 മാർച്ച് 18, വെള്ളിയാഴ്ചയിലെ അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായുള്ള സമയം ധനകാര്യത്തിനും നിയമനിർമ്മാണത്തിനുമായി നീക്കിവയ്ക്കുന്നതും അന്നേദിവസം ഉച്ചയ്ക്ക് ശേഷം 12.30-ന് സഭ താല്ക്കാലികമായി പിരിഞ്ഞതിനുശേഷം 2.00 മണിക്ക് അപരാഹ്നസമ്മേളനം ചേരുന്നതുമാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ചട്ടങ്ങൾ താല്ക്കാലികമായി സസ്പെന്റ് ചെയ്ത് 2022 മാർച്ച് 17, 18 തീയതികളിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം പുനഃക്രമീകരിച്ചിരിക്കുന്നു.

| | | |
|---|---|---|
| 2022 മാർച്ച് 17, വ്യാഴാഴ്ച | (1) | 2021-2022 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളേയും 2011-2012, 2012-2013, 2013-2014, 2014-2015, 2015-2016 സാമ്പത്തികവർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും |
| | (2) | 2021-2022 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളേയും 2011-2012, 2012-2013, 2013-2014, 2014-2015, 2015-2016 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും. (ചർച്ച അവസാനിപ്പിക്കുന്നതാണ്) |

KNPP.114/2021.

| | | |
|---|---|---|
| 2022 മാർച്ച് 18, വെള്ളിയാഴ്ച | (1) | വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും |
| | (2) | 2022-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും.<br>(ചർച്ച അവസാനിപ്പിക്കുന്നതാണ്) |

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,

*സെക്രട്ടറി.*